# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബളാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/1042/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 21/11/2025
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബളാൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/1042/2025 തീയ്യതി: 21/11/2025

**കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബളാൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേശൻ പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 29-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 29-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.തോമസ്.കെ, ഓഡിറ്റ് ഓഫീസർ

ശ്രീ.സുധീഷ് എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ബിന്ദു.പി.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഡെന്നീസ് ജോസഫ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഹരിവേണുഗോപാലൻ.കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജു കട്ടക്കയം | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ.അജയ് ഘോഷ് പി.കെ | സെക്രട്ടറി | 27-04-2024 | 12-09-2024 |
| ശ്രീ.രജീഷ് കാരായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2024 | 07-10-2024 |
| ശ്രീ.ജോസഫ് എം ചാക്കോ | സെക്രട്ടറി | 08-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രജീഷ് കാരായി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 01-04-2024 | 01-04-2024 |
| ശ്രീ.രാജീവൻ വി.വി | കൃഷി ഓഫീസർ | 02-04-2024 | 30-04-2024 |
| ശ്രീ.നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 01-05-2024 | 31-05-2024 |
| ശ്രീ.രാജീവൻ വി.വി | കൃഷി ഓഫീസർ | 01-06-2024 | 09-06-2024 |
| ശ്രീ.നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 10-06-2024 | 03-09-2024 |
| ശ്രീ.രാജീവൻ വി.വി | കൃഷി ഓഫീസർ | 04-09-2024 | 22-09-2024 |
| ശ്രീ.നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 23-09-2024 | 31-03-2025 |
| ശ്രീമതി.ജിനി പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 16-08-2024 |
| ശ്രീമതി.രബിത കണ്ണൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 17-08-2024 | 31-03-2025 |
| ശ്രീ.കാർത്തികേയൻ പി | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ.രേഷ്മ ടി കല്ല്യാൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി കൊന്നക്കാട് | 01-04-2024 | 31-03-2025 |
| ഡോ.ബബിത വിജയൻ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 10-01-2025 |
| ഡോ.അബ്ദുൾ മുനീർ പി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 11-01-2025 | 31-03-2025 |
| ശ്രീ.രമേശൻ കെ | പ്രധാനധ്യാപകൻ | 01-04-2024 | 17-06-2024 |
| ശ്രീ.ശ്രീധരൻ എൻ | പ്രധാനധ്യാപകൻ | 18-06-2024 | 31-03-2025 |
| ശ്രീ.എബിൻ ജോർജ്ജ് | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.സന്തോഷ് ജയിംസ് കെ.ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.ജേക്കബ്ബ് ഉലഹന്നാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബളാൽ സർക്കിൾ | 01-04-2024 | 15-10-2024 |
| ശ്രീ.രതീഷ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ബളാൽ സർക്കിൾ | 16-10-2024 | 31-03-2025 |
| ശ്രീ.രതീഷ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാലോം സർക്കിൾ | 01-04-2024 | 31-03-2025 |
| ഡോ.സിംല കെ.സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 17-10-2024 |
| ഡോ.നിജബീബി എം.എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 18-10-2024 | 06-11-2024 |
| ഡോ.അശ്വനി വിനോദ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 07-11-2024 | 09-12-2024 |
| ഡോ.അളക എം അജയ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 10-12-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.രാജു. പി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 01-04-2024 | 17-08-2024 |
| ശ്രീമതി.നമിത എസ് | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 18-08-2024 | 19-09-2024 |
| ശ്രീ.സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 20-09-2024 | 13-01-2025 |
| ശ്രീ.സുനീഷ് കുമാർ പി.പി | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 14-01-2025 | 31-03-2025 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | പ്രത്യേക ഉദ്ദേശ പദ്ധതികൾ ബാദ്ധ്യത തുകയും , ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | കാല പരിധികഴിഞ്ഞ ചെക്കുകൾ - തുക ക്രമീകരിച്ചിട്ടില്ല. | 1-1-4 |
| 6 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാദ്ധ്യതാ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് വിവരം പൂർണ്ണമല്ല | 1-1-7 |
| 9 | അഡ്വാൻസ് കണക്ക് വിശദാംശം ലഭ്യമാക്കിയില്ല. | 1-1-8 |
| 10 | ഡെപ്പോസിറ്റ് /അഡ്വാൻസ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല | 1-1-9 |
| 11 | Stale Cheque - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം. | 1-5 |
| 16 | ക്ഷേമ പദ്ധതികൾ. | 1-6 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 21 | ഓൺലൈൻ മുഖേന ഒടുക്കിയ വസ്തുനികുതിയിനത്തിലെ തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവായിട്ടില്ല. | 1-11 |
| 22 | സകർമ്മ-യോഗ മിനിട്സുകൾ യഥാ സമയം പൂർത്തീകരിക്കുന്നില്ല. | 1-12 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-13 |
| 24 | കേരളോത്സവം നടത്തിപ്പ് - സെക്രട്ടറിക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 1-14 |
| 25 | വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം പദ്ധതി - വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദനീയമായ പരിധിയിൽ കവിഞ്ഞ് സ്കോളർഷിപ്പ് തുക നൽകി- തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 27 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് അധിക സബ്സിഡി അനുവദിച്ചു - 20,000/- രൂപ ഈടാക്കേണ്ടതാണ്. | 1-17 |
| 28 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവ് തിരികെ നൽകിയ തുക സർക്കാറിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. | 1-18 |
| 29 | ലൈഫ് ഭവന പദ്ധതി - അനുവദനീയമായ പരമാവധി സബ്സിഡിയിൽ അധികരിച്ച് ധനസഹായം അനുവദിച്ചു -50,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-19 |
| 30 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 31 | ടൗണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ - വിതരണ വിവരം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-21 |
| 32 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 33 | ഗാർഹിക ഓർഗാനിക് കിച്ചൺ ജി ബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – 8,09,600 രൂപയുടെ | 1-23 |

| | | |
|---|---|---|
| | ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 34 | ജീ ബിൻ വിതരണം - ജിയോടാഗ് ചെയ്യാത്തതിനാൽ വിതരണ വിവരം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. | 1-24 |
| 35 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി-ജനറൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 36 | എസ്.എസ്.കെ ക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 37 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-27 |
| 38 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല | 1-28 |
| 39 | ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം | 1-29 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-30 |
| | ഭാഗം **2** | |
| 1 | പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയിട്ടില്ല ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ₹ 9250 | 2-1 |
| | ഭാഗം **3** | |
| 1 | ലൈഫ് ഭവന പദ്ധതി - അനുവദനീയമായ പരമാവധി സബ്സിഡി തുകയിൽ അധികരിച്ച് ധനസഹായം അനുവദിച്ചു. 50000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| | ഭാഗം **4** | |
| 1 | മെഡിസെപ് പദ്ധതി അവലോകനം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം. | 4-5 |
| 6 | വായ്പാ വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2025 ലെ 1(2) -ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബളാൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബളാൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

21.11.2025

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ

മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്താനായിട്ടില്ല.

**1-1-2 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 പ്രത്യേക ഉദ്ദേശ പദ്ധതികൾ ബാദ്ധ്യത തുകയും , ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ചുവടെ ചേർത്ത ഇനങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | ഇനം | രസീപ്റ്റ് & പേയ്മെന്റ് പത്രിക Sh.40(b) പ്രകാരം നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ബി4ൽ ഉൾപ്പെട്ട തുക | ബാലൻസ് ഷീറ്റ് B2 ഷെഡ്യൂളിൽ ഉൾപ്പെട്ട തുക |
|---|---|---|---|---|
| 1 | ദുരിതാശ്വാസ നിധി Head 311100101 (A/C .No.179122010000094 - UBI) | 34830 | 0 | 42305 |
| 2 | ICDS GRANT Head 320100196 (A/C .No.40511101042906 - KGB) | 3278894 | 3279056 | 0 |
| 3 | CFC- Head 320200104 &320200113 (A/C .No.179122010000075 - UBI) | 23281448 | 23202086 | 0 |
| 4 | സായംപ്രഭാ ഹോം Head 320200399- A/C No. 37542443501 | 11261 | 11921 | 0 |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - A/C No. 33696476776(SBI) | 477 | 476 | 0 |

**1-1-4 കാല പരിധികഴിഞ്ഞ ചെക്കുകൾ - തുക ക്രമീകരിച്ചിട്ടില്ല.**

മാലോത്ത് സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (നം. 3(1)) വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്നയിനത്തിൽ കാലപരിധി കഴിഞ്ഞ ചുവടെ ചേർത്ത തുകകളും ഉൾപ്പെട്ട് കാണുന്നു.

| അക്കൗണ്ട് നം &ബാങ്കിന്റെ പേര് | ഇൻസ്ട്രുമെന്റ് നം.തിയതി | തുക |
|---|---|---|
| മാലോത്ത് സർവ്വീസ് സഹകരണ ബാങ്ക് A/C No.3(1) | 8495373/ 07.03.2018 | 10950/- |
| | 5560044/ 27.03.2018 | 25950/- |

കാലപരിധി കഴിഞ്ഞ ചെക്കുകൾ സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

## 1-1-5 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.

എ) ബാലൻസ് ഷീറ്റ് ബി5 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (Secured Loan 55982026/-) ബി 16-ഷെഡ്യൂൾ Pre- Paid Expenses പ്രകാരമുള്ള തുകയും (43921352/-) പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

ബി) ലൈഫ് ഭവന പദ്ധതി വായ്പാ അക്കൗണ്ടിൽ നിന്നും തൻ വർഷം 9220000 രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ 8020000/-രൂപയാണ് ഈയിനത്തിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുലേഖ ചെലവ് കണക്കിൽ വ്യത്യാസം ഉണ്ടാകുവാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

സി) വായ്പാ കണക്ക് ലെഡ്ജർ പ്രകാരം 31.03.2025 ലെ ജേണൽ വൗച്ചർ 42401406, 42401407, 42401408, 42401409, 42401448 എന്നിവ പ്രകാരമുള്ള ക്രമീകരണങ്ങളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-6 ബാദ്ധ്യതാ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല.

ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

<table>
<tr><td>320100101</td><td>ARWSS</td><td>2,10,235</td><td rowspan="5">ഈ തുകകൾ 01.04.2024 ൽ മുന്നിരിപ്പായുള്ള ബാദ്ധ്യതാ തുകകളാണ്. ഈ ഫണ്ടിൽ നിന്ന് നടത്തിയിട്ടുള്ള ചെലവുകളുടെ വിവരങ്ങളും ഏത് അക്കൗണ്ടിലാണ് ഫണ്ട് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.</td></tr>
<tr><td>320100105</td><td>Awards And Honours Central Govt</td><td>3,00,000</td></tr>
<tr><td>320100190</td><td>Vimukthi</td><td>45,550</td></tr>
<tr><td>320100198</td><td>Grant From Suchitwa Mission</td><td>7,05,597</td></tr>
<tr><td>320300103</td><td>Grants Funds Contributions For Specific Purposes Other Govt Agencies- Total Sanitation</td><td>5,01,990</td></tr>
<tr><td>320100999</td><td>Other Liabilities</td><td>2,20,212</td><td>ഈ തുക 01.04.2024 ൽ മുന്നിരിപ്പായുള്ള ബാദ്ധ്യതാ തുകയാണ്. ഇവ എന്ത് ആവശ്യത്തിന് എവിടെ നിന്ന് ലഭിച്ച തുകയാണ് എന്ന വിവരവും ഈ ഫണ്ടിൽ നിന്ന് നടത്തിയിട്ടുള്ള ചെലവുകളുടെ വിവരങ്ങളും ഏത് അക്കൗണ്ടിലാണ് ഫണ്ട് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.</td></tr>
<tr><td>320800101</td><td>Beneficiary Contributions</td><td>1,90,177</td><td>മുന്നിരിപ്പിലുണ്ടായിരുന്ന 145227 രൂപയും തൻവ ർഷം പിരിച്ചെടുത്ത 44950 രൂപയുമുൾപ്പടെ 190177രൂപയും വിനിയോഗിച്ച് കാണുന്നില്ല തുക വിനിയോഗിക്കാ തിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.</td></tr>
<tr><td>320700104</td><td>Contributions For JV Projects- Capital Expenditure-From Block Panchayats</td><td>1,95,691</td><td rowspan="3">ട്രഷറിയിലുള്ള സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ (799011400002874) 31.03.0205 ൽ നീക്കിയിരിപ്പ് ഇല്ല. ഷെഡ്യൂൾ B4 പ്രകാരമുള്ള ഈ തുകകൾ ഏതൊക്കെ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും ഏതൊക്കെ പ്രോജക്ടുക ൾക്ക് ലഭിച്ച തുകയാണ് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിൽ നിന്നും 31.03.2024 ൽ സർക്കാർ തിരിച്ചെടുത്ത 2146298/-രൂപ തിരികെ ലഭ്യമായിട്ടില്ല.</td></tr>
<tr><td>320700404</td><td>Contributions For Other Specific Purposes- Revenue Expenditure-From Block Panchayats</td><td>1,52,049</td></tr>
<tr><td>320800199</td><td>Other Grants Funds Contributions For Specific Purposes- Capital</td><td>10,29,942</td></tr>
</table>

| | | | |
|---|---|---|---|
| 320700105 | Contributions For JV Projects-Capital Expenditure-From District Panchayats | 10,00,000 | |
| 320700204 | Contributions For JV Projects-Revenue Expenditure-From Block Panchayats | 1,41,300 | |
| 320700205 | Contributions For JV Projects-Capital Expenditure-From District Panchayats | 14,100 | |

31.03.2025 ലെ ബാലൻസ് ഷീറ്റിൽ ബി 9 ഷെഡ്യൂളിൽ ബാദ്ധ്യതാ കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്ത തുകകളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

| | | | |
|---|---|---|---|
| 350400501 | Refunds Payable Grants And Funds | 461664 | ഈ തുകകൾ 01.04.2024 ൽ മുന്നിരിപ്പായുള്ള ബാദ്ധ്യതാ തുകകളാണ്. ഇവ ഏതിനത്തിലുള്ള വരവുകളാണെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ അടവാക്കേണ്ട തുകയാണെങ്കിൽ ആയത് ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 350400999 | Refund Of Unutilised Grants Prior Period | 1,47,929 | |
| 350800102 | Liability In Respect Of Payments Returned | 14,600 | |
| 350800199 | Other Creditors | 117487 | |

മേൽ പരാമർശിച്ച തുകകൾ സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ തിരിച്ചടയ്ക്കുവാൻ അവശേഷിച്ചിക്കുന്ന തുകയാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-7 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് വിവരം പൂർണ്ണമല്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ B-11(b) Capital Work In Progress ഷെഡ്യൂളിൽ 2024-25 വർഷം പാർട് പേയ്മെന്റ് നൽകിയ 1 പ്രവൃത്തിയുടെ ചെലവ് വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊ.നം , 137, 266, 274, 276, 304, 319, 321, 322, 330, 333, 339, 352, 367 എന്നീ പ്രോജക്ടുകൾക്കായി പാർട്ട് പേയ്മെന്റ് നൽകിയ തുകകൾ Capital Work In Progress കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-8 അഡ്വാൻസ് കണക്ക് വിശദാംശം ലഭ്യമാക്കിയില്ല.**

എ) ബാലൻസ് ഷീറ്റിൽ അഡ്വാൻസ് കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്ത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| 460100103 | Temporary Advance For Offcial Purpose | 18,912 |
| 460100199 | Other Advances | 1,69,364 |
| 460500204 | Advance To Implementing Agencies - Deposit With GWD | 14,54,876 |
| 460509901 | Advance To Others | 8,145 |

ബി) നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ അഡ്വാൻസ് ഇനത്തിൽ ഹെഡ്ഡ് 460500501 പ്രകാരം 130000/-രൂപ 31.03.2025ൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി) 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് 205/25 പ്രകാരം 368684/- രൂപ വികസന ഫണ്ടിൽ നിന്നും, 269004/-രൂപ തനത് ഫണ്ടിൽ നിന്നും KSEB യിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നല്കുന്ന മുൻകൂർ തുകകൾ വാർഷിക ധനകാര്യ പത്രിക ഹെഡ്ഡ് 460500204 Advance To Implementing Agencies ഉൾപ്പെടുത്തേണ്ടിയിരുന്നുവെങ്കിലും വികസനഫണ്ടിൽ നിന്നും കൈമാറിയ തുക അഡ്വാൻസ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-9 ഡെപ്പോസിറ്റ് /അഡ്വാൻസ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

എ) 31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 573854 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി) 31.03.2025 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 4494412 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ നീക്കിയിരിപ്പുള്ള അഡ്വാൻസ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-10 Stale Cheque - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ട് ഹെഡ് 350800101, Liability In Respect Of Stale Cheques പ്രകാരം 230000/- രൂപ ബാലൻസ് ഉണ്ട്. പ്രസ്തുത തുകയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. Stale Cheques പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്തി ആയത് ക്രമീകരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| ഭരണ സമിതി തീരുമാനം , തിയതി | തീരുമാനം നം.1/1 തിയതി;13.02.2024 | തീരുമാനം നം.5 തിയതി 25.02.2025 |
|---|---|---|
| മുന്നിരിപ്പ് | 5059969 | 2469621 |
| വരവ് | 417944193 | 714982636 |
| ആകെ | 423004162 | 717452257 |
| ചെലവ് | 421160855 | 715904787 |
| നീക്കിയിരിപ്പ് | 1843307 | 1547470 |

## 1-3 സാമ്പത്തിക വിശകലനം

| വർഷം | 2024-25 |
|---|---|
| മുന്നിരിപ്പ് | 33659420 |
| വരവ് | 82875440 |
| ആകെ | 116534860 |
| ചെലവ് | 68455725 |
| നീക്കിയിരിപ്പ് | 48079135 |
| വരവിനങ്ങളിലെ നഷ്ടം | 9250 |
| ചെലവിനങ്ങളിലെ നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4153356 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 23757000 | 23757000 | 23706000 | 0 | 51000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 555000 | 555000 | 496729 | 0 | 58271 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13573000 | 13573000 | 13573000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 93831000 | 93831000 | 27575085 | 0 | 66255915 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 11079000 | 11079000 | 5668613 | 0 | 5410387 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 5928740 | 4506873 | 10435613 | 2225146 | 8210467 | 0 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ബേസിക്) ട്രഷറി | 0 | 64678 | 64678 | 32339 | 0 | 32339 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8853522 | 8900000 | 17753522 | 2761866 | 14991656 | 0 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 5092891 | 5092891 | 893449 | 0 | 4199442 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 489040 | 2331119 | 2820159 | 2331119 | 489040 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 3114100 | 3198280 | 6312380 | 5298280* | 1014100 | 0 |
| സായംപ്രഭാ ഹോം ഡിപ്പാർട്ട്മെന്റ് ഫണ്ട് | 0 | 252000 | 252000 | 252000 | 0 | 0 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 36177 | 62663204 | 62699381 | 62698904 | 477 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 3001640 | 2458825 | 5460465 | 2181409 | 3279056 | 0 |
| സ്വച്ഛഭാരത് അഭിയാൻ | 0 | 183000 | 183000 | 183000 | 0 | 0 |
| Accelerated Rural Water Supply Scheme | 210235 | 0 | 210235 | 0 | 210235 | 0 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള അവാർഡ് | 300000 | 0 | 300000 | 0 | 300000 | 0 |
| ദേശീയ ആരോഗ്യ മിഷൻ (Head 320100139) | 500000 | 0 | 500000 | 450000 | 50000 | 0 |
| ദേശീയ ആരോഗ്യ മിഷൻ (Head 320200206) | 0 | 1044483 | 1044483 | 1044483 | 0 | 0 |
| എസ്.ജി.എസ്.വൈ (മൈനോറിറ്റീസ്) | 49257 | 10687 | 59944 | 59 | 59885 | 0 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 3749 | 150 | 3899 | 0 | 3899 | 0 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 1163954 | 397245 | 1561199 | 214036 | 1347163 | 0 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 410917 | 597994 | 1008911 | 341085 | 667826 | 0 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 4398504 | 15675009 | 20073513 | 10900001 | 9173512 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | 45550 | 0 | 45,550 | 0 | 45,550 | 0 |
| ശുചിത്വ മിഷൻ | 705597 | 0 | 705597 | 0 | 705597 | 0 |
| മികച്ച പഞ്ചായത്തിനുള്ള അവാർഡ്- സംസ്ഥാനം | 200000 | 0 | 200000 | 0 | 200000 | 0 |
| 320100999- മറ്റു ബാദ്ധ്യതകൾ (ഇന വിവരം ലഭ്യമല്ല) | 220212 | 0 | 220212 | 0 | 220212 | 0 |
| 320200299- കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മൂലധന ചെലവിനുള്ള ഗ്രാന്റ് (FHC കെട്ടിട നിർമ്മാണം ) | 4366835 | 0 | 4366835 | 500000 | 3866835 | 0 |
| 320200399- (സായം പ്രഭാ ഹോം) | 11921 | 0 | 11921 | 0 | 11921 | 0 |
| ജലനിധി | 876860 | 17577 | 894437 | 400221 | 494216 | 0 |
| ശുചിത്വ മിഷൻ | 501990 | 0 | 501990 | 0 | 501990 | 0 |
| 320300199-മറ്റു പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ- മൂലധനച്ചെലവ് (ഇനം ലഭ്യമല്ല) | 1029942 | 0 | 1029942 | 0 | 1029942 | 0 |
| 320900102- പകർച്ച വ്യാധി നിയന്ത്രണത്തിന് ലഭിച്ച സംഭാവന | 13474 | 1164 | 14638 | 0 | 14638 | 0 |

** സംയുക്ത പദ്ധതി ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 21 ലക്ഷം രൂപ സംയുക്ത പദ്ധതി ജില്ലാ പഞ്ചായത്ത് ബാദ്ധ്യതാ കണക്കിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം.

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 473905270 | 183 | 112260192 | 22 | 146 | 49 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2024-25 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2024-25വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 39 | 14019688 | 24 | 10696899 | 76.30 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 3724250 | 8 | 2043822 | 54.88 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 195 | 145678601 | 76 | 43438671 | 29.82 |
| 4 | കൃഷി ഓഫീസർ | 9 | 3769672 | 9 | 3769660 | 100 |
| 5 | വെറ്റിനറി സർജ്ജൻ | 5 | 3904000 | 5 | 1847999 | 47.34 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 30 | 285796929 | 24 | 38764033 | 13.56 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 5970280 | 9 | 4905340 | 82.16 |
| 8 | പ്രധാനധ്യാപകൻ | 5 | 1455477 | 4 | 742981 | 51.04 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 560000 | 2 | 560000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 19 | 6134373 | 17 | 3274931 | 53.39 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 460000 | 3 | 455169 | 98.95 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1900000 | 1 | 1624687 | 85.51 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 532000 | 1 | 136000 | 25.56 |
| | **ആകെ** | **329** | **473905270** | **183** | **112260192** | **23.69** |

വികസന ഫണ്ട് ജനറൽ ₹3796031 [ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ)] ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 2525831 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 1270200 രൂപയും), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എസ്.സി.പി വിഹിതം സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ 121729 രൂപയും, TSP വിഹിതം സ്രോതസ്സിൽ നിന്നും ഈടാക്കിയ 3320535 ( ആകെ 7238295/- രൂപ) സുലേഖ ചെലവ് പത്രികയിൽ ജി.ഒ പ്രൊജക്ട് ആയി ചെലവിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി കണക്ക് അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1793200 | 115 |
| വിധവാപെൻഷൻ | 13622100 | 937 |
| വാർദ്ധക്യകാലപെൻഷൻ | 32549200 | 2302 |
| വികലാംഗപെൻഷൻ | 4250600 | 276 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 470000 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 36177 | 2183854 | 2220031 | 2219554 | 477 |
| ചികിത്സാ ചെലവ് | 0 | 69216 | 69216 | 69216 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 60410134 | 60410134 | 60410134 | 0 |
| **ആകെ** | **36177** | **62663204** | **62699381** | **62698904** | **477** |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2024-25 വർഷം പദ്ധതികളുൾപ്പെടുന്ന 3820 78.93കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 504 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 133229 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 844 കുടുംബങ്ങളുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2025 തീയതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 382/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് യോഗ മിനിട്സ് പ്രകാരം ഓഡിറ്റ് വർഷം 8 തവണ ജീവനക്കാരുടെ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2/7/2024, 12/09/2024 തിയതികളിലെ മിനിട്സുകൾ യോഗ വിവരങ്ങൾ രേഖപ്പെടുത്തി പൂർത്തിയാക്കിയിട്ടില്ല. യോഗം ചേരുന്ന ദിവസം തന്നെ മിനിട്സ് പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 01/10/2024 ന് ശേഷം 16/05/2025 ലാണ് ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. തുടർന്ന് നാളിതുവരെയും ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ യോഗം ചേർന്നതിന്റെ വിവരം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാമാസവും ജീവനക്കാരുടെ യോഗം ചേരേണ്ടതും , പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

നിലവിൽ ഭരണ സമിതി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവ സകർമ്മാ സോഫ്റ്റ് വെയർ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. സകർമ്മ ആപ്ളിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്സുകൾ പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ ഓഡിറ്റ് വർഷം 5 തവണ യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പേജ് 24, 26, 35 എന്നിവയിൽ രേഖപ്പെടുത്തിയ മിനിട്സുകളിൽ യോഗ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് കൃത്യമായി പരിപാലിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാങ്ങൽ നടപടി ക്രമങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായിപാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം ഓരോ സാമ്പത്തികവർഷത്തിന്റേയും അവസാനം അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ, വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം വിവിധ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ ഗ്രാമ പഞ്ചായത്തിന് മികച്ച നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ 66255915 രൂപയും നോൺ റോഡ് വിഭാഗത്തിൽ 5410387 രൂപയും വിനിയോഗിക്കാൻ സാധിക്കാതെ ലാപ്സായിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമാണെങ്കിലും പദ്ധതി നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും, സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടക്കുന്നതിനും ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. ഇക്കാര്യത്തിൽ സ്ഥിരംസമിതികളും, പഞ്ചായത്ത് ഭരണസമിതിയും കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള നടപടികൾ നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിൽ ബാദ്ധ്യതയിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യമായ വിശദാംശം ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ബാദ്ധ്യത തുകകളുടെ കൃത്യത ഉറപ്പുവരുത്തി വിശദവിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

**1-10 പരിഷ്കരിച്ച തൊഴിൽ നികുതി ഈടാക്കിയില്ല**

സ.ഉ (സാധാ)നം. 1149/2024/LSGD തീയതി 27.6.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി സ്ലാബുകൾ താഴെ കൊടുത്ത പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ്പ്രകാരം പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | അർദ്ധവാർഷിക വരുമാനം | നികുതി |
|---|---|---|
| 1 | Up To Rs.11,999 | Nil |
| 2 | Rs.12,000 To Rs.17,999 | 320 |
| 3 | Rs.18,000 To Rs. 29,999 | 450 |
| 4 | Rs.30,000 To Rs. 44,999 | 600 |
| 5 | Rs.45,000 To Rs. 99,999 | 750 |
| 6 | Rs. 1,00,000 To Rs. 1,24,999 | 1000 |
| 7 | Rs.1,25,000 മുതൽ | 1250 |

2024-25 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കാത്തത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

**1)** പരിഷ്കരിച്ച ഉത്തരവു പ്രകാരമുള്ള സ്ലാബിലല്ല വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024- 25 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**2)** ഗ്രാമപഞ്ചായത്തിലെ വ്യാപാരികളുടെ രണ്ട് അർദ്ധവർഷത്തേയും തൊഴിൽ നികുതി വർഷാരംഭത്തിൽ IFTE&OS ലൈസൻസ് നൽകുന്ന വേളയിൽ മുൻകൂറായി ഈടാക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് വർഷത്തിൽ 494 കച്ചവട സ്ഥാപനങ്ങൾക്ക് IFTE&OS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം മുഴുവൻ വ്യാപാരികളിൽ നിന്നും രണ്ടാം അർദ്ധവർഷം മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തൊഴിൽ നികുതി കുടിശ്ശിക പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കുന്നതിന് ആവശ്യപ്പെട്ടി രുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 08/26.09.2025)

**1-11 ഓൺലൈൻ മുഖേന ഒടുക്കിയ വസ്തുനികുതിയിനത്തിലെ തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവായിട്ടില്ല.**

ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതിയുമായി ബന്ധപ്പെട്ട തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പണം ഗ്രാമപഞ്ചായത്തിന്റെ എസ് ബി ഐ വെള്ളരിക്കുണ്ട് ശാഖയിലെ കറന്റ് അക്കൗണ്ടിലേക്ക് നേരിട്ട് വരുന്നതിനു പകരം ഐ. കെ .എം ന്റെ പേയ്മെന്റ് ഗേറ്റ് വേയിലേക്കാണ് പോകുന്നത് . ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള തുകകൾ ഐ.കെ.എം അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക്(67393311205) എത്തിയിട്ടില്ല.

| ക്രമ നം | തുക | തുക ഒടുക്കിയ തീയതി | കെട്ടിട നമ്പർ ,കെട്ടിട ഉടമസ്ഥൻ |
|---|---|---|---|
| 1 | 397 | 03-06-2023 | 7/285, കെ.വി വിജയൻ |
| 2 | 892 | 22-08-2023 | 11/313, ജോർജ് തോമസ് |

ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്( നമ്പർ 7,25-09-2025) മറുപടി ലഭ്യമാക്കിയില്ല. ഇ-പേയ്മെന്റ് മുഖേന ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ അക്കൗണ്ടിൽ കാലതാമസമില്ലാതെ ലഭ്യമാകുന്നതിന് ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 സകർമ്മ-യോഗ മിനിട്സുകൾ യഥാ സമയം പൂർത്തീകരിക്കുന്നില്ല.**

ഗ്രാമ പഞ്ചായത്ത് ഭരണസമിതി , സ്റ്റാന്റിംഗ് കമ്മിറ്റി യോഗ വിവരങ്ങൾ രേഖപ്പെടുത്തുന്ന സകർമ്മ സോഫ്റ്റ്‌വെയർ ഡാഷ് ബോർഡ് പരിശോധിച്ചതിൽ 2024, 2025 വർഷങ്ങളിൽ വിവിധ തിയതികളിൽ ചേർന്ന ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ പൂർത്തീകരിക്കുവാനുള്ളതായി കാണുന്നു.

| വർഷം | ഭരണ സമിതി യോഗം | | | സ്റ്റാന്റിംഗ് കമ്മിറ്റി യോഗം | | |
|---|---|---|---|---|---|---|
| | ആകെ യോഗം | മിനിട്സ് പൂർത്തിയായവ | മിനിട്സ് പൂർത്തിയാവാത്തവ | ആകെ യോഗം | മിനിട്സ് പൂർത്തിയായവ | മിനിട്സ് പൂർത്തിയാവാത്തവ |
| 2025 | 28 | 15 | 13 | 40 | 18 | 22 |
| 2024 | - | - | - | 61 | 24 | 37 |

2024 വർഷത്തെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്സുകളിൽ പൂർത്തീകരിക്കുവാനുള്ള 37 എണ്ണത്തിൽ 24 എണ്ണവും, 2025 വർഷത്തെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്സുകളിൽ പൂർത്തീകരിക്കുവാനുള്ള 22 എണ്ണത്തിൽ 17 എണ്ണവും ഇതുവരെയും സകർമ്മയിൽ എൻട്രി ആരംഭിക്കാത്തതായി കാണുന്നു. ഇക്കാര്യം പരിശോധിച്ച് മിനിട്സുകൾ പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടാകുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും അവശേഷിക്കുന്ന യോഗ മിനിട്സുകൾ പൂർത്തീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി.നം . 11/ തീയതി. 27-09-2025)

**1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

2024-25 വർഷം വിവിധ പദ്ധതികൾക്കായി ₹664630 കെ.എസ്.ഇ.ബി.യ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചത് സാധൂകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**എ)വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (പ്രൊജക്ട് നം 205/25) -** പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനായി ചുവടെ ചേർത്ത തുകകൾ Ksebയുടെ

ഭീമനടി സെക്ഷന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| KSEB Section | തുക | ഫണ്ടിനം | ബിൽ നം /വൗച്ചർ നം |
|---|---|---|---|
| ഭീമനടി സെക്ഷൻ | 368684 | വികസന ഫണ്ട് | 242005520180138817 8/ 27/2/2025 |
| | 269004 | തനത് ഫണ്ട് | Vr.No.22400860/31.03.2025 |
| **ആകെ** | **637688** | | |

ബി) പ്രൊ.നം 461/25 എടത്തോട് സ്ട്രീറ്റ് ലൈറ്റിന് വൈദ്യുതീകരണം മീറ്റർ ബോക്സ് സ്ഥാപിക്കൽ പദ്ധതി പ്രകാരം (ട്രഷറി ബിൽ നം 24200552001801693 53/25.03.2025) 26942/-രൂപ KSEB ഭീമനടി സെക്ഷന് നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ രണ്ട് പദ്ധതികൾക്കായി KSEB ക്ക് കൈമാറിയ 664630/- (637688 + 26942/-) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.14/29.09.2025)

## 1-14 കേരളോത്സവം നടത്തിപ്പ് - സെക്രട്ടറിക്ക് നൽകിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

കേരളോത്സവം നടത്തിപ്പിനോടനുബന്ധിച്ചുള്ള ചെലവുകൾക്കായി ഗ്രാമ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ചെക്ക് നം 9139/29.11.2024 പ്രകാരം 50000/-രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് മുൻകൂറായി അനുവദിച്ചിരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നം 2/25 പ്രകാരം കേരളോത്സവം നടത്തിപ്പിനായി 71075 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകിയ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. GO(P) No.419/11 Fin തി.4/10/2011 ഖണ്ഡിക 4 പ്രകാരം തുക അനുവദിച്ച് മൂന്ന് മാസക്കാലയളവ് കഴിഞ്ഞിട്ടും ക്രമീകരിക്കാത്ത മുൻകൂർ തുകകൾ 18% പിഴ പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂർ നല്കിയ തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുൻകൂർ നല്കിയ 50000/-രൂപ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പലിശ സഹിതം തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മുൻകൂർ നൽകിയ തുക ക്രമീകരിച്ച് രേഖകൾ ഹാജരാക്കാത്തതിനാൽ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം പദ്ധതി - വിതരണ വിവരം ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ/പേര് | 123/25<br>വനിതകൾക്ക് മെനുസ്ട്രൽ കപ്പ് വിതരണം |
| വകയിരുത്തൽ | വികസന ഫണ്ട്(സാധാ) 6,00,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2,00,000/- |
| ചെലവ് വിവരം<br>ബിൽ നമ്പർ & തീയ്യതി | 242005520150016 16225<br>തീയ്യതി.21.03.2025 തുക 2,49,893/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

സ്ത്രീകളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിന് വേണ്ടി രൂപീകരിച്ച മേൽ പ്രോജക്റ്റിന്റെ

നിർവ്വഹണത്തിന്റെ ഭാഗമായി HLL Lifecare Limited,Thiruvanathapuram എന്ന സ്ഥാപനത്തിന്റെ 29.03.2025 ലെ 9423057499 നമ്പർ ഇൻവോയിസ് പ്രകാരം 833 മെനസ്ട്രൽ കപ്പുകളുടെ വില മേൽബിൽ നമ്പർ പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മെനസ്ട്രൽ കപ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ്എൻക്വയറി നം.15 തീയ്യതി.29.09.2025). കൈപ്പറ്റ് രശീതി സഹിതമുള്ള വിതരണ വിവരം ഹാജരാക്കാത്തതിനാൽ 2,49,893/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദനീയമായ പരിധിയിൽ കവിഞ്ഞ് സ്കോളർഷിപ്പ് തുക നൽകി- തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 09/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| വകയിരുത്തൽ | വികസന ഫണ്ട്(സാധാ) 7,20,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,60,000/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം 1,20,000/- |
| ചെലവ് വിവരം<br>ബിൽ നമ്പർ & തീയ്യതി | 24200552013301038367 തീയ്യതി. 16.12.2024 തുക 3,42,864/- |
| | 24200552013301056900 തീയ്യതി. 16.12.2024 തുക 1,71,432/- |
| | 24200552013301056909 തീയ്യതി. 16.12.2024 തുക 57,144/- |
| | 24200552013301488934 തീയ്യതി. 10.03.2025 തുക 3,77,136/- |
| | 24200552013301612067 തീയ്യതി. 20.03.2025 തുക 62,856/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഭരണസമിതിയുടെ 12.08.2024 ലെ 38(9) നമ്പർ തീരുമാന പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിരുന്നു. 28.05.2022 തീയ്യതിയിലെ സ.ഉ(കൈ)നം. 115/2022/തസ്വഭവ ഉത്തരവ് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുകയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | സ്റ്റാൻഡേർഡ്-ക്ലാസ്-ഇനം | പ്രതിമാസ സ്കോളർഷിപ്പ് നിരക്ക്(രൂപ) | | വാർഷിക ബത്ത (രൂപ) |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 01 | 1 മുതൽ 4 ക്ലാസ് വരെ/നഴ്സറി ക്ലാസ് | 400 | 600 | 500 |
| 02 | 5 മുതൽ 8 ക്ലാസ് വരെ | 500 | 750 | 600 |
| 03 | 9, 10, +1, +2 ക്ലാസുകൾ | 600 | 800 | 800 |
| 04 | ബിരുദം | 1000 | 1250 | 1000 |
| 05 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 06 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 07 | ചലന വൈകല്യമുള്ളവർക്ക് യാത്രാ | 400 | -- | -- |

| | | | | |
|---|---|---|---|---|
| | ബത്ത (സ്കൂളിൽ പേകുന്ന മാസങ്ങളിൽ മാത്രം) | (പ്രതിമാസം) | | |

മേൽപട്ടിക പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒരു വർഷത്തിൽ അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് അനുവദിക്കാവുന്ന തുക നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം താഴെക്കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായ പരിധിയിൽ കവിഞ്ഞ് സ്കോളർഷിപ്പ് തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | വൈകല്യത്തിന്റെ തരം | വിദ്യാഭ്യാസം | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 01 | അഭിരാം പി എസ് S/O സുമേഷ് പി ആർ പുന്നയ്ക്കൽ, വെള്ളരിക്കുണ്ട് | Locomotor Disability | ബിരുദം (EKNM ഗവ.കോളേജ്, എളേരിത്തട്ട്) | 13,000 (1000x12 + 1000) | 15,680 | 2680 |
| 02 | മുഹമ്മദ് ഹാഷിം കെ S/0 മുഹമ്മദ് കുഞ്ഞി എം നെല്ലിക്കുന്നിൽ ഹൗസ്, ബളാൽ, കല്ലംചിറ | Locomotor Disability | എഞ്ചിനീയറിംങ് (Toms College Of Engineering& Polytechnic, കോട്ടയം) | 13,000 (1000x12 + 1000) | 17,400 | 4400 |
| | | | | | ആകെ | 7080/- |

മേൽപട്ടികയിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള തുക അനുവദിക്കുന്നതിന് പകരം അധികം തുക അനുവദിച്ചതിന് കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 16 തീയ്യതി 29.09.2025). മറുപടിയുടെ അഭാവത്തിൽ അധികം നൽകിയ 7080/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിദ്യർത്ഥികൾക്ക് അധികം നൽകിയ തുക അടുത്ത വർഷം നൽകുന്ന സ്കോളർഷിപ്പ് തുകയിൽ നിന്ന് ക്രമീകരിച്ച് വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

**1-17 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താവിന് അധിക സബ്സിഡി അനുവദിച്ചു - 20,000/- രൂപ ഈടാക്കേണ്ടതാണ്.**

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുടെ സ്കീം രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ലൈഫ് ഭവനപദ്ധതിക്കായി തെരഞ്ഞെടുത്ത താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് തുക അധികം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദനീയമായ പരമാവധി സബ്സിഡി തുക | നൽകിയ തുകയുടെ വിവരം | | അധികം നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| | | തീയ്യതി | തുക | | |
| ഓമന, W/O ബേബി, മൂന്തോട്ടത്തിൽ(H),കോട്ടഞ്ചേരി,മാലോം | 6,00,000 (സ.ഉ (കൈ) നം.115/2022/ | 03.09.2021 | 40,000 | 20,000 | Voucher No.77/07.11.2023 (ക്യാഷ് ബുക്ക് |
| | | 16.05.2022 | 1,00,000 | | |
| | | 03.08.2022 | 1,00,000 | | |

| | | | | | |
|---|---|---|---|---|---|
| | തസ്വഭവ തീയതി.28.05.22 ഖ.6.7 (പ്രകാരം) | 22.12.2022 | 1,00,000 | | പേജ് നം.123) |
| | | 04.11.2023 | 1,00,000 | | |
| | | 07.11.2023 | 80,000 | | |
| | | 29.01.2024 | 1,00,000 | | |
| | | **ആകെ** | **6,20,000** | | |

അധികം നൽകിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി മേൽ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ, സ്റ്റേജ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025). അധികം നൽകിയ 20,000/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താവ് തിരികെ നൽകിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 228/25 ,ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾക്ക് തുക നൽകൽ (ജനറൽ) - SO |
| വകയിരുത്തൽ | സംസ്ഥാനാവിഷ്കൃത ഫണ്ട് - 1,93,60,000/- |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് - 43,03,196/- |
| | മറ്റ് ജില്ലാ പഞ്ചായത്ത് - 50,28,195/- |
| | മറ്റുള്ളവ - 4,26,00,000/- |
| അനുവദനീയമായ പരമാവധി സബ്സിഡി | 4,00,000/- |
| ചെലവ് വിവരം<br>ബിൽ നമ്പർ & തീയ്യതി | ചെക്ക് നമ്പർ 28401 തീയ്യതി.08.08.2024<br>തുക 6,00,000/- (സ്റ്റേറ്റ് ഷെയർ)<br>(അംഗീകാര നമ്പർ - 271/01.08.2024) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ബളാൽ സർക്കിൾ |

മേൽ പ്രോജക്ട് പ്രകാരം വിജയകുമാരി പി, D/O കൃഷ്ണപിള്ള, മണികണ്ഠ വിലാസം(H), കൊന്നക്കാട്, മാലോത്ത് എന്ന ഗുണഭോക്താവിന് മേൽബിൽ നമ്പർ പ്രകാരം ഭവന നിർമ്മാണത്തിനായി 40,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്(40435100001677 ഗ്രാമീൺബാങ്ക്,കൊന്നക്കാട് ബ്രാഞ്ച്). എന്നാൽ ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പലിശ ഉൾപ്പെടെ തുക തിരിച്ചടവാക്കുന്നതിനായി ഭരണസമിതി തീരുമാനമെടുക്കുകയും(28.11.2024 ലെ 29(2) നമ്പർ ഭരണസമിതി തീരുമാനം) 31.12.2024 ലെ 1240100026 രശീതി പ്രകാരം പലിശസഹിതം 41,315/- രൂപ ഗുണഭോക്താവ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയതിന്റെ വിവരം പരിശോധനയ്ക്കായി ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025). തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-19 ലൈഫ് ഭവന പദ്ധതി - അനുവദനീയമായ പരമാവധി സബ്സിഡിയിൽ അധികരിച്ച് ധനസഹായം അനുവദിച്ച -50,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി- എസ് ടി -2022-23 (SO) പ്രകാരം ഒരു ഗുണഭോക്താവിന് അനുവദനീയമായ പരമാവധി സബ്സിഡിയിൽ 6,00,000/- രൂപയിൽ അധികരിച്ച് ധനസഹായം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

**1-20 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

മുൻവർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട് ധനസഹായം കൈപ്പറ്റിയ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഐഡി നമ്പർ | നൽകിയ തുക | വീടിന്റെ സ്റ്റേജ് |
|---|---|---|---|---|
| 01 | കൃഷ്ണൻ പി<br>പള്ളത്ത്മല, പരപ്പ<br>വാർഡ് 1 | 846789 | 3,80,000 | ചുമർ |
| 02 | ലേഖ റ്റി. എസ്<br>W/0 ബിനു ബേബി<br>മങ്കയം | 934608 | 80,000 | ബേസ്മെന്റ് |
| 03 | ത്രേസ്യാമ്മ<br>ഈട്ടിക്കൽ<br>ഇടത്തോട് | ലഭ്യമല്ല | 3,55,000 | ചുമർ<br>(ഗുണഭോക്താവ് മരണപ്പെട്ടു) |
| 04 | സെലിൻ<br>പൈമ്പള്ളിയിൽ<br>വാർഡ്-14 | 982060 | 40,000 | ആരംഭിച്ചിട്ടില്ല |
| 05 | ഉഷ, W/O ശിവൻ കുട്ടി,ഇടപ്പള്ളി, കാറളം<br>വാർഡ്-14 | 982072 | 40,000 | ആരംഭിച്ചിട്ടില്ല |
| 06 | ജോർജ്<br>മാധവപള്ളിയിൽ<br>കൊന്നക്കാട് | 982070 | 40,000 | ആരംഭിച്ചിട്ടില്ല |
| 07 | ത്രേസ്യാമ്മ തേങ്കയം<br>വാർഡ്- 9 | 982074 | 40,000 | ആരംഭിച്ചിട്ടില്ല |
| 08 | ഏലമ്മ ആലമലയിൽ<br>ചെമ്പഞ്ചേരി<br>വാർഡ്-13 | 987448 | 40,000 | ആരംഭിച്ചിട്ടില്ല |
| 09 | ശാന്ത കൊന്നക്കാട്<br>വാർഡ്-9 | 1085780 | 40,000 | ആരംഭിച്ചിട്ടില്ല |
| 10 | ജോസ് കെ.സി<br>കനകപ്പള്ളി<br>വാർഡ്-16 | ലഭ്യമല്ല | 40,000 | ആരംഭിച്ചിട്ടില്ല |
| 11 | ഏലക്കുട്ടി<br>തരിക്കുഴിയിൽ<br>ചെമ്പഞ്ചേരി | 1085431 | 40,000 | ആരംഭിച്ചിട്ടില്ല. |
| 12 | രഞ്ജിത് എൽ.ജി<br>എരമ്പൽ<br>വാർഡ്-1 | Life/14/1199/31571 | 1,50,000 | ബേസ്മെന്റ് |
| 13 | കമലാക്ഷി<br>മുണ്ടപ്ളാവ്<br>വാർഡ്-1 | ലഭ്യമല്ല | 1,00,000 | ബേസ്മെന്റ്. ഗുണഭോക്താവ് മരണപ്പെട്ടു. |

| | | | | |
|---|---|---|---|---|
| 14 | ഓമന രാജേഷ്<br>പൂവത്ത്മൊട്ട<br>വാർഡ്-5 | 952345 | 1,00,000 | ബേസ്മെന്റ്. |
| 15 | കാർത്യായനി<br>പാറക്കാട്ട്<br>വാർഡ്-6 | Life/14/1199/89079 | 1,00,000 | ആരംഭിച്ചിട്ടില്ല. |
| 16 | അമ്മിണി<br>പാറക്കാട്ട്<br>വാർഡ്-6 | 952167 | 2,00,000 | ബേസ്മെന്റ്. |
| 17 | പുത്തരിച്ചി<br>പാപ്പിനിവീട്ടിൽ<br>കൊന്നക്കാട്<br>വാർഡ്-8 | 941110 | 2,00,000 | ചുമർ |
| 18 | കാർത്യായനി<br>പാറക്കാട്ട്<br>വാർഡ്-8 | 959916 | 40,000 | ആരംഭിച്ചിട്ടില്ല. |
| 19 | നാരായണി<br>പാറക്കാട്ട്<br>വാർഡ്-8 | 952162 | 2,00,000 | ചുമർ |
| 20 | ബിജു<br>വെങ്കല്ല്<br>വാർഡ് 9 | 959709 | 2,00,000 | ബേസ്മെന്റ് |
| 21 | മായ കെ<br>അരീക്കര<br>വാർഡ്-16 | 959754 | 1,40,000 | ബേസ്മെന്റ് |
| 22 | രാജി<br>കണ്ണംവയൽ<br>വാർഡ്-10 | Life/14/1199/90321 | 1,2,0000 | ബേസ്മെന്റ് |
| 23 | ശ്യാമള<br>ഞാണിക്കടവ്<br>വാർഡ്-6 | Life/14/1199/28813 | 60,000 | ആരംഭിച്ചിട്ടില്ല |

കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനുമായി ചമച്ച കരാറിൽ ഗുണഭോക്താക്കൾ സമ്മതിച്ചിട്ടുണ്ട്. കൈപ്പറ്റിയിട്ടുള്ള തുക ഭവന നിർമ്മാണത്തിനായി വിനിയോഗം നടത്താതിരിക്കുകയോ ദുർവിനിയോഗം നടത്തുകയോ ചെയ്താൽ നൽകിയ ധനസഹായം 12% പലിശ നിരക്കിൽ തിരികെ നൽകേണ്ടതാണെന്നും പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയിട്ടും നാളിതു വരെയും പൂർത്തീകരിക്കാത്ത മേൽപട്ടികയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025)

**1-21 ടൗണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ - വിതരണ വിവരം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 180/25, ടൗണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ | |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>ബളാൽ സർക്കിൾ | |
| വകയിരുത്തൽ | ധനകാര്യ കമ്മിഷൻ അവാർഡ് | 250,000/- |

| | | |
|---|---|---|
| | (ടൈഡ് ഫണ്ട്) | |
| | തനത് ഫണ്ട് | 500/- |
| ചെലവ് | XVFC/2024-25/P/82 തീയ്യതി. 28.03.2025<br>തുക- 2,01,736/-<br>(ധനകാര്യ കമ്മിഷൻ അവാർഡ്) | |

ടൗണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ജെം(GEM) മുഖേന 80ലിറ്റർ കപാസിറ്റിയുള്ള വേസ്റ്റ് കണ്ടെയ്നർ വാങ്ങിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് കണ്ടെയ്നർ ഒന്നിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ക്വാളിറ്റോ,അന്നല്ലൂർഎന്ന സ്ഥാപനത്തിൽ നിന്നും 1208 രൂപ നിരക്കിൽ 167 എണ്ണം വാങ്ങുന്നതിന് 12-03-2025 ന് സാങ്ക്ഷൻ ഓർഡർ നൽകി. സ്ഥാപനത്തിന്റെ 18.03.2025ലെ ബിൽ നമ്പർ 84/24-25 പ്രകാരം 2,01,736/- രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.022002000000909, IFSC IOBA0000220)

മേൽ പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1. സർക്കാർ ഉത്തരവ് (കൈ)നം 86/2022 തിയതി 19/04/2022 ഖണ്ഡിക 14(3) പ്രകാരം മോണിറ്ററിങ് കമ്മറ്റി, പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേൻമയോടെ നിറവേറ്റപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി പ്രൊജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രൊജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രൊജക്ടിന്റെ മോണിറ്ററിങ് നടന്നതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. വേസ്റ്റ് ബിന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും ആർക്കൊക്കെ വിതരണം/സ്ഥാപിക്കൽ ചെയ്തെന്നുമുള്ള വിവരം ഫയലിൽ ലഭ്യമല്ല. പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 പ്രകാരം 1 ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായ നികുതി കുറവു ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025). മേൽകാരണങ്ങളാൽ 2,01,736/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-22 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന രേഖകൾ ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 154/25, ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് തുക നൽകൽ (എസ് ടി) - 2024-25 |
| വകയിരുത്തൽ | വികസന ഫണ്ട് (ടി എസ് പി) 26,30,180/- |
| | സ്റ്റേറ്റ് ഷെയർ 1,50,00,000/- |
| | മറ്റ് ബ്ലോക്ക് പഞ്ചായത്ത് 10,00,000/- |
| | മറ്റ് ജില്ലാ പഞ്ചായത്ത് 10,00,000/- |
| | മറ്റുള്ളവ 1,08,69,820/- |
| ആകെ ചെലവ് | 1,14,27,621/- |
| അനുവദനീയമായ പരമാവധി സബ്സിഡി തുക | 6,00,000/- |
| ചെലവ് വിവരം<br>ബിൽ നമ്പർ & തീയ്യതി | ചെക്ക് നമ്പർ 028410 തീയ്യതി.29.03.2025<br>തുക 27,60,000/- (HUDCO ലോൺ)<br>(അംഗീകാര നമ്പർ - 728/29.03.2025) |
| | 24200552013400494419<br>തീയ്യതി.02.08.2024<br>തുക 8,57,621/- (വികസന ഫണ്ട് ടി എസ് പി) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ബളാൽ സർക്കിൾ |

മേൽ ബില്ലുകൾ/ചെക്കുകൾ പ്രകാരം തുക പിൻവലിച്ച് ധനസഹായം നൽകിയ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് പ്രസ്തുത തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ സ്കീം രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈമാറിയ തുക | ബാങ്ക് അക്കൗണ്ട് നമ്പർ | ബിൽ നം./ചെക്ക് നം. & തീയ്യതി |
|---|---|---|---|---|
| 01 | വിനീത എം | 1,25,000 | 40438101004562,<br>IFSC-<br>KLGB0040438 | ചെക്ക് നമ്പർ 028410<br>തീയ്യതി.29.03.2025 |
| 02 | തങ്കമണി | 1,00,000 | 40435101046045<br>IFSC-<br>KLGB0040435 | ചെക്ക് നമ്പർ 028410<br>തീയ്യതി.29.03.2025 |
| 03 | കല്യാണി | 1,00,000 | 4045100900155<br>IFSC-<br>KLGB0040435 | 24200552013400494419<br>തീയ്യതി.02.08.2024 |
| 04 | വെള്ളച്ചി | 47,621 | 40511101025121<br>IFSC- KLGB0040511 | 24200552013400494419<br>തീയ്യതി.02.08.2024 |
| 05 | നിഷ ടി വി | 80,000 | 40511101002184<br>IFSC- KLGB0040511 | 24200552013400494419<br>തീയ്യതി.02.08.2024 |
| 06 | രാജേഷ് കെ | 50,000 | 40511101027882<br>IFSC- KLGB0040511 | 24200552013400494419<br>തീയ്യതി.02.08.2024 |

പ്രസ്തുത ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും നാളിതു വരെയായി നൽകിയ തുകയുടെ വിവരങ്ങൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിനായി ബാങ്ക് പാസ്ബുക്കും സ്റ്റേജ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025). മേൽപട്ടികയിലെ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിവരങ്ങൾ സ്കീം രജിസ്റ്ററിൽ ചേർത്ത് കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്കും സ്റ്റേജ് സർട്ടിഫിക്കറ്റും പരിശോധിച്ച് അനുവദനീയമായ സബ്സിഡി തുകയിൽ അധികരിച്ച് തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-23 ഗാർഹിക ഓർഗാനിക് കിച്ചൺ ജി ബിൻ വിതരണം - ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 8,09,600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 233/25 SO,<br>ഗാർഹിക ഓർഗാനിക് കിച്ചൺ ജി ബിൻ വിതരണം | |
| വകയിരുത്തൽ | ധനകാര്യകമ്മീഷൻ അവാർഡ് | 1104802/- |
| | തനത് ഫണ്ട് | 1982/- |
| | ഗുണഭോക്തൃ വിഹിതം | 122976/- |
| | **ആകെ** | **12,29,760/-** |
| ചെലവ് വിവരം<br>ബിൽ നമ്പർ & തീയ്യതി | 24200552013400781030<br>തീയ്യതി.15.10.2024 | 8,09,600/- |

| | | |
|---|---|---|
| | ധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ് ഫണ്ട്) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, ബളാൽ സർക്കിൾ | |

വീടുകളിൽ ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി ജി ബിൻ നൽകി പരിസര ശുചിത്വം കൈവരിക്കൽ എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പ്രോജക്റ്റിന്റെ നടത്തിപ്പിന്റെ ഭാഗമായി 10.08.2023 ലെ 2/2 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഈനാട് യുവജനക്ഷേമ കോ-ഓപ്പറേറ്റീവ് സൊസൈറ്റി,കോട്ടയം എന്ന സ്ഥാപനത്തിനെ ജി ബിൻ വിതരണം ചെയ്യുന്നതിനായി പർച്ചേസിംഗ് കമ്മിറ്റിയുടെ 1(1) തീയ്യതി.05.02.2024 തീരുമാന പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്(ഒരെണ്ണത്തിന് 3650 രൂപ വീതം). സ്ഥാപനവുമായി 19.02.2024 തീയ്യതിയിൽ കരാർ ചമച്ചിട്ടുണ്ട്. തുടർന്ന് 240 യൂണിറ്റ് ജീ ബിൻ(2 ബിൻ സിസ്റ്റം)ലഭ്യമാക്കിയതിന് 16.03.2024 ലെ B2B-035 നമ്പറിലുള്ള 8,76,000/- രൂപയുടെ ഇൻവോയിസ് സ്ഥാപനം ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 8,09,600/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം-41496117076, IFSC-SBIN0070444).

28.05.2022 ലെ സ ഉ (കൈ)നം.115/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം കമ്പോസ്റ്റിംഗ് യൂണിറ്റിന് (ഗാർഹിക തലത്തിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം) 10 ശതമാനം ഗുണഭോക്തൃവിഹിതം അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം 1,22,976/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ അടവാക്കണമെന്ന് മേൽ പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുഴുവൻ ഗുണഭോക്താക്കൾക്കും ജീ ബിൻ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമല്ല. 227 ഗുണഭോക്താക്കൾക്ക് ജി ബിൻ ലഭ്യമാക്കിയതിന് ജിയോ ടാഗ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമാണ്. 87 ഗുണഭോക്താക്കളിൽ നിന്നും 366/- രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി ഗുണഭോക്താക്കൾ ഒപ്പ് വച്ച ലിസ്റ്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രശീതി ബുക്കുകളോ കലക്ഷൻ രജിസ്റ്ററുകളോ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല.

04.01.2024 ലെ സ ഉ(സാധാ)നം.34/2024/LSGD പ്രകാരം ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള വിവിധതരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പുതുക്കിയ മാർഗ നിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണ ഏജൻസി ഗുണഭോക്താക്കളുടെ വീടുകളിൽ മാലിന്യ സംസ്കരണ ഉപാധി കൃത്യമായി സ്ഥാപിച്ചു കഴിഞ്ഞാൽ ഗുണഭോക്താക്കളെ പ്രവർത്തനരീതി പരിശീലിപ്പിക്കുന്നതിലേക്കും മാലിന്യ സംസ്കരണ ഉപാധികൾ ജിയോടാഗ് ചെയ്യുന്നതിലേക്കും ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ഇനോകുലം എത്തിക്കുന്നതിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ഹരിതകർമ്മ സേനയെ ഏൽപ്പിക്കേണ്ടതും ഇതിനായി പ്രത്യേക കരാർ വയ്ക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഹരിതകർമ്മ സേനയുമായി ചമച്ച കരാറും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ജീ ബിന്നിന്റെ പ്രവർത്തന രീതി പരിശീലനം, ഇനോകുലം വിതരണം, ജിയോടാഗ് എന്നീ പ്രവർത്തികൾ കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ മുഴുവൻ തുകയും സ്ഥാപനത്തിന് കൈമാറാൻ പാടുള്ളൂ എന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സംസ്കരണ ഉപാധികൾക്ക് 3 വർഷത്തെ വാറണ്ടിയും 5 വർഷക്കാലം ഇനോകുലം വിതരണം സംവിധാനവും വിതരണ ഏജൻസി ഒരുക്കേണ്ടതാണ്. പ്രസ്തുത വിവരം ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. മാലിന്യ സംസ്കരണ ഉപാധികൾ സബ്സിഡി നിരക്കിൽ വാങ്ങുകയും എന്നാൽ 3 മാസക്കാലം മറ്റ് മാർഗങ്ങളിൽ മാലിന്യം സംസ്കരിക്കുകയോ തുടർച്ചയായി ഉപയോഗിക്കാതിരിക്കുകയോ മാലിന്യ സംസ്കരണത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നതായി കണ്ടെത്തിയാൽ പ്രസ്തുത ഉപഭോക്താവിൽ നിന്നും ബിന്നിന്റെ വില 18% പലിശ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനം തിരികെ ഈടാക്കുന്നതാണ് എന്ന വ്യവസ്ഥ ഗുണഭോക്താവുമായി

ഉണ്ടാക്കുന്ന കരാറിൽ ഉൾപ്പെടുത്തേണ്ടുന്നതുമാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 12/ 27.09.2025). മുഴുവൻ ഗുണഭോക്താക്കൾക്കും ജി ബിൻ നൽകിയതിന്റേയും ജിയോടാഗ് ചെയ്തതിന്റേയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും 240 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ട 10 ശതമാനം തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പ്രോജക്റ്റ് നിർവഹണത്തിൽ മേൽ പരാമർശിച്ച അപാകങ്ങളുള്ളതിനാൽ 8,09,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ വിഹിതമിനത്തിൽ തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്ത പക്ഷം പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യത ആയിത്തീരുന്നതാണ്.

**1-24 ജീ ബിൻ വിതരണം - ജിയോടാഗ് ചെയ്യാത്തതിനാൽ വിതരണ വിവരം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.**

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 178/2025- ജീ ബിൻ വിതരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബളാൽ സർക്കിൾ) |
| അടങ്കൽ | 505080/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്) |
| ചെലവ് | 452000/- |
| ബിൽ നം, തീയ്യതി | 1. XVFC/2024-25/P79 Dated 25.03.2025-തുക-406800<br>2. XVFC/2024-25/P86 Dated 25.03.2025-തുക-45200 |

മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി പോർട്ടബിൾ ബയോ കംമ്പോസ്റ്റർ ബിൻ വാങ്ങി വിതരണം ചെയ്യുന്നതിനായി മേൽ പദ്ധതി മുഖേന 452000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈനാട് യുവജന കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ജി ബിൻ വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന്റെ 19.03.2025 തീയ്യതിയിലെ B2B-0100 നം. ഇൻവോയ്സ് പ്രകാരം 138 എണ്ണം ജി ബിൻ ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 138 ജി ബിൻ ലഭ്യമാക്കിയതിൽ 122 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്ന 16എണ്ണം പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് വിതരണം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. 70 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. കെ സ്മാർട്ട് സംവിധാനം നിലവിൽ വന്നതിനാൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിഹിതം പഞ്ചായത്തിൽ അടവാക്കാൻ സാധിക്കാതെ വരികയും ഈയിനത്തിൽ ശേഖരിച്ച തുകയായ 18980 രൂപ (52x365=18980) നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി തുക പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

3. 04.01.2024 ലെ സ ഉ(സാധാ)നം.34/2024/LSGD പ്രകാരം ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള വിവിധതരം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പുതുക്കിയ മാർഗ നിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണ ഏജൻസി ഗുണഭോക്താക്കളുടെ വീടുകളിൽ മാലിന്യ സംസ്കരണ ഉപാധി കൃത്യമായി സ്ഥാപിച്ച കഴിഞ്ഞാൽ ഗുണഭോക്താക്കളെ പ്രവർത്തനരീതി പരിശീലിപ്പിക്കുന്നതിലേക്കും മാലിന്യ സംസ്കരണ ഉപാധികൾ ജിയോടാഗ് ചെയ്യുന്നതിലേക്കും ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ഇനോകുലം എത്തിക്കുന്നതിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ഹരിതകർമ്മ സേനയെ ഏൽപ്പിക്കേണ്ടതും ഇതിനായി പ്രത്യേക

കരാർ വയ്ക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസി ഗുണഭോക്താക്കളെ പ്രവർത്തന രീതി പരിശീലിപ്പിക്കുകയും ഇനോകുലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ബിന്നുകൾ ജിയോടാഗ് ചെയ്യാൻ ചുമതലപ്പെടുത്തിയ ഹരിതകർമ്മ സേന പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ബിന്നുകൾ ജിയോടാഗ് ചെയ്ത് ആയത് സംബന്ധിച്ച കമ്പനി അധികൃതരിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. .

പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ ഉള്ളതിനാൽ 452000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(എൻക്വയറി നം. 19/29.09.2025)**

## 1-25 കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി-ജനറൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 208/2024-25 , കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി -ജനറൽ | | |
| അടങ്കൽ | 9,40,000 (വികസന ഫണ്ട് -ജനറൽ)<br>19,74,000 (മറ്റുള്ളവ) | | |
| ചെലവ് | 8,87,000 | | |
| ബിൽ നം./തീയതി | ബിൽ റഫറൻസ് നം.& തീയതി | തീയതി | തുക |
| | 242005520129012222253 | 24.01.2025 | 2,14,000 |
| | 242005520129013185558 | 13.02.2025 | 2,19,000 |
| | 242005520129013842235 | 13.02.2025 | 2,27,000 |
| | 242005520129014518899 | 07.03.2025 | 2,27,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററനറി സർജൻ | | |

പദ്ധതി പ്രകാരം ചുവടെ ചേർത്ത ക്ഷീരസംഘങ്ങൾക്ക് സബ്സിഡി തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | ട്രഷറി ബിൽ നം | തുക | തുക കൈമാറിയ ക്ഷീരസംഘം |
|---|---|---|---|
| 1 | 242005520129012222253/Dt.24.01.2025 | 2,14,000 | MS KSS മാലോം - 60,000<br>MS എടത്തോട് KSS – 20,000<br>കൊന്നക്കാട് KSS – 37,000<br>വെള്ളരിക്കുണ്ട് KSS – 49,000<br>ബളാൽ KSS – 48,000 |
| 2 | 242005520129013185558/Dt.13.02.2025 | 2,19,000 | MS KSS മാലോം - 60,000<br>MS എടത്തോട് KSS –19,000<br>കൊന്നക്കാട് KSS – 37,000<br>വെള്ളരിക്കുണ്ട് KSS – 51,000<br>ബളാൽ KSS – 52,000 |
| 3 | 242005520129013842235/Dt.26.02.2025 | 2,27,000 | MS KSS മാലോം - 67,000<br>MS എടത്തോട് KSS – 19,000<br>കൊന്നക്കാട് KSS – 37,000<br>വെള്ളരിക്കുണ്ട് KSS – 52,000<br>ബളാൽ KSS – 52,000 |
| 4 | 242005520129014518899/Dt.07.03.2025 | 2,27,000 | MS KSS മാലോം - 67,000<br>MS എടത്തോട് KSS – 19,000<br>കൊന്നക്കാട് KSS – 37,000 |

| | | | |
|---|---|---|---|
| | | | വെള്ളരിക്കുണ്ട് KSS – 52,000<br>ബളാൽ KSS – 52,000 |
| | **ആകെ** | **8,87,000** | |

പ്രോജക്ട് നിർവഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി

എ) സ.ഉ(കൈ) നം.115/2022 തസ്വഭവ തി.28.05.2022 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങി ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാലിത്തീറ്റ നിർവ്വഹണ ഉദ്യാഗസ്ഥൻ വാങ്ങി ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതിന് പകരം ക്ഷീര സംഘങ്ങൾ ഹാജരാക്കിയ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക ക്ഷീരസംഘങ്ങളുടെ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ശേഖരിച്ച് സബ്സിഡി തുക ഉൾപ്പടെ കാലിത്തീറ്റ നല്കിയ സ്ഥാപനത്തിന് കൈമാറേണ്ടതിന് പകരം തുക ക്ഷീരസംഘങ്ങൾക്ക് നേരിട്ട് കൈമാറുവാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല

ബി) ക്ഷീര സംഘങ്ങൾ മുഖേന ശേഖരിച്ച ഗുണഭോക്തൃ വിഹിതവും, പദ്ധതി വിഹിതമായി ക്ഷീരസംഘങ്ങൾക്ക് അനുവദിച്ച സബ്സിഡി തുകയും ഉൾപ്പെടെ വിതരണ സ്ഥാപനമായ മിൽമയ്ക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സി) മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

മേൽ ന്യൂനതകൾ ഓഡിറ്റ് എൻക്വയറി.നം. 17/തീയതി:29.09.2025 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഓഡിറ്റ് വർഷത്തെ 8,87,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 എസ്.എസ്.കെ ക്ക് പഞ്ചായത്ത് വിഹിതം നൽകൽ – വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

**1. എസ്.എസ്.കെ ക്ക് വിഹിതം നൽകൽ**

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 209/24-25,എസ്.എസ്.കെ യ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | 2,50,000/- (വികസന ഫണ്ട് -ജനറൽ)<br>2,00,000/-(ടി.എസ്.പി) |
| ചെലവ് | 2,50,000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ റഫറൻസ് നം. & തീയതി | 242005520135011288490തീയതി:04.01.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6(3),(4),(5) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ യായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ.

ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുകയുണ്ടായി,

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രോജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

ഖണ്ഡികയിലെ ക്രമ നം. 1, 2, 3, 4 എന്നിവയിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം തുക SSK ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളുൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം.06 തീയതി:25.09.2025)

## 1-27 പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 411/24-25, പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ | 5,90,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 2,50,000/- |
| ബിൽ റഫറൻസ് നം.&തീയതി | 24200552013501674516തീയതി:24.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പഞ്ചായത്തിലെ 2 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗക്കാരായ കുട്ടികൾക്ക് മേശയും കസേരയും നൽകുന്നതാണ് പദ്ധതി . പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 2,50,000/- രൂപ ചെലവഴിച്ച് 'KADCO' യിൽ നിന്നും മേശയും കസേരയും വാങ്ങി കുട്ടികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

1. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃപട്ടിക

2. പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ

3. ആനുകൂല്യം ലഭിച്ച വിദ്യാർഥികൾക്ക്, എസ്.സി. വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സിൽ നിന്നോ

ഇതേ ആവശ്യത്തിനു ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ

4. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി വിദ്യാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓരോ വർഷവും ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ പേര്, വിലാസം, കോഴ്സ്/വർഷം നല്കിയ തുക തുടങ്ങിയ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.

5. അപേക്ഷകർ പഞ്ചായത്തിൽ സ്ഥിരതാമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ

രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.06 തീയതി :25.09.2025)

രേഖകൾ ഹാജരാക്കാത്തതിനാൽ 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 87/2024-25, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ & തീയ്യതി | 24200552013200564968 തീയതി.21.08.2024 |
| ചെലവ് തുക | 4,00,000/-രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പൻസറി, ബളാൽ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വേണ്ടി രൂപീകരിച്ച മേൽ പദ്ധതി പ്രകാരം ഗവ.ഹോമിയോ ഡിസ്പൻസറി, ബളാലിന് 4,00,000/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് HOMCO യ്ക്ക് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.34306403911 എസ് ബി ഐ).

HOMCO യ്ക്ക് തുക നൽകി ഏറെ നാളായിട്ടും ഇൻവോയ്സ് നം.LF.559 തീയതി: 30.06.2025 പ്രകാരമുള്ള 68,583/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. മരുന്നുകൾ സമയത്ത് ലഭ്യമാക്കിയില്ലെങ്കിൽ ആശുപത്രിയിൽ എത്തിച്ചേരുന്ന രോഗികൾക്ക് കൃത്യമായ സേവനം നൽകാൻ കഴിയാതെ വരികയും ഇത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുന്നതാണ്. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള 3,31,417/-രൂപയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിശോധനക്ക് ഹാജരാക്കാത്തതിനാൽ 3,31,417/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ജൽ ജീവൻ മിഷൻ പദ്ധതി അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകളിലൂടെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020 തിരു. തീ. 08.06.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

### ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ

ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ്, വിശദാംശങ്ങൾ, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/22.09.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി എസ്റ്റിമേറ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. കൂടാതെ പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം നല്കിയിട്ടില്ലെന്നും ജലജീവൻ മിഷനുമായി കരാർ ഉടമ്പടി ഒപ്പ് വെച്ചിട്ടില്ലെന്നും ഗ്രാമ പഞ്ചായത്തിന്റെ മറുപടിയിൽ

സൂചിപ്പിക്കുകയുണ്ടായി .

ഗ്രാമ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം കേരള ജല അതോറിറ്റിയിൽ നിന്നും ശേഖരിച്ച് പദ്ധതി പ്രവർത്ത പുരോഗതി വിലയിരുത്തി പദ്ധതിയുടെ സുഗമമമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021- 22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചുവരുന്നു. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തി 1.9. 2022, സ.ഉ (സാധാ) നം. 1625/2023/ തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപന ങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2021-22മുതൽ 2024-25വരെ ബളാൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച തുക, വിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ**

| വർഷം | സ്കീം -1 | | സ്കീം -3 | | സ്കീം -4 | | ആകെ | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് | ബാങ്ക് പലിശ | ഗ്രാന്റ് | ബാങ്ക് പലിശ | ഗ്രാന്റ് | ബാങ്ക് പലിശ | ഗ്രാന്റ് | ബാങ്ക് പലിശ |
| 2021-22 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2022-23 | 0 | 0 | 370238 | 6064 | 223974 | 3772 | 594212 | 9836 |
| 2023-24 | 0 | 0 | 873000 | 21602 | 369000 | 7068 | 1242000 | 31827 |
| 2024-25 | 0 | 0 | 365000 | 24265 | 587000 | 10994 | 952000 | 32102 |
| **ആകെ** | **0** | **0** | **1608238** | **51931** | **1179974** | **21834** | **2788212** | **73765** |

**2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)**

| വർഷം | സ്കീം -3 | സ്കീം -4 | ആകെ |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 84000 | 0 | 84000 |
| 2023-24 | 14970 | 192897 | 207867 |
| 2024-25 | 214036 | 341085 | 555121 |
| **ആകെ** | **313006** | **533982** | **846988** |

**3) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരു വിവരം**

| വർഷം | പദ്ധതിയുടെ പേര് / പ്രൊജക്റ്റ് നമ്പർ | ചെലവ് തുക |
|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - 249 | 84000 |

| | | |
|---|---|---|
| 2022-23 | ആരോഗ്യ ക്ഷേമ കേന്ദ്രങ്ങൾ - 250 | 0 |
| 2023-24 | ആരോഗ്യ ക്ഷേമ കേന്ദ്രങ്ങൾ - 251 | 147500 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - 252 | 14970 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - 281 | 45397 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ - 282 | 0 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ - 413 | 199361 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - 414 | 14675 |
| 2024-25 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻറ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - 415 | 278788 |
| 2024-25 | ആരോഗ്യ ക്ഷേമ കേന്ദ്രങ്ങൾ - 416 | 62297 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടില്ലെന്ന് ഗ്രാമ പഞ്ചായത്തധികൃതർ അറിയിക്കുകയുണ്ടായി.

5) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ.

